Registered No. M-4485.

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ഒക്ടോബർ 15-ാംനു, വെള്ളിയാഴ്ച [ലക്കം 7

## യോജിപ്പാണ് ജയത്തിന്നുള്ള വഴിയെ
## ന്നിപ്പോൾ തെളിഞ്ഞില്ലയോ



പ്രസിഡെണ്ട് റൂസ്‌വെൽട്ട്

"സ്വാതന്ത്ര്യത്തിന്നുവേണ്ടി ചൈന നടത്തിയതായ വിപ്ലവത്തിന്റെ വാൎഷികദിനം കൊണ്ടാടുന്ന ഈയവസരത്തിൽ അങ്ങേക്കും ചൈനയിലെ ജനതക്കും അമേരിക്കൻ ജനതയുടെ അഭിവന്ദനം സന്തോഷപൂൎവ്വം ഞാൻ നല്കട്ടെ. പരോപദ്രവത്തിന്നൊരുങ്ങി പുറപ്പെട്ടവരുടെ മൎദ്ദനനയം ധൈൎയ്യസമേതം ഇതേവരെ സ്ഥിരതയോടുകൂടി തടുത്തുനിന്ന അങ്ങയോടും ചൈനയിലെ ജനതയോടും ഞങ്ങൾക്കുള്ള ബഹുമാനവും ഇതേ ഘട്ടത്തിൽ ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ. ഇന്നും ചൈനക്കാർ അവരുടെ സ്വാതന്ത്ര്യപരിശ്രമം നടത്തിവരുന്നുണ്ടെങ്കിലും ഐക്യകക്ഷിരാജ്യങ്ങൾ അവരുടെ ഒന്നിച്ചുണ്ടെന്നുള്ള ഒരു മനോധൈൎയ്യവും എല്ലാവരുംകൂടി ഒത്തൊരുമിച്ചുകൊണ്ടുള്ള യുദ്ധോദ്യമം വിജയത്തിൽ കലാശിക്കുമെന്നുള്ള വിശ്വാസവും അവൎക്കു ധാരാളമായിട്ടുണ്ടു്."

—പ്രസിഡെണ്ട് റൂസ്‌വെൽട്ട്, ജനറലിസിമൊ ചിയാങ്ങ് കീ ഷേക്കിന്ന്
ഒക്ടോബർ 10-ാം തിയ്യതി അയച്ച സന്ദേശത്തിൽനിന്ന്

# യുദ്ധസഞ്ചിക

അഷ്ടപ്പതിപ്പ്

1943 ഒക്ടോബർ 15-ാംനു


## ചൈനയുടെ വളൎച്ച

ചൈന വളൎന്നു വരുന്നു. എന്താണു് അതിന്റെ ലക്ഷണം? ഈ മാസം 10-ാം തിയ്യതി ചൈനയിൽ പൊതുജനാധിപത്യഭരണം സ്ഥാപിച്ചതിന്റെ 32-ാം വാൎഷികയോഗം കൊണ്ടാടുന്ന ദിവസമായിരുന്നു. ഈ ഭരണരീതി ചൈനയിൽ 1911 ഒക്ടോബർ മാസത്തിൽ സ്ഥാപിച്ചതിന്നുമുമ്പു് അവിടെ ചക്രവൎത്തിമാരുടെ ഭരണമായിരുന്നതിനാൽ ചൈന രാഷ്ട്രീയമായി ഒരു സാമ്രാജ്യവ്യക്തിയായിട്ടാണു് വൎത്തിച്ചിരുന്നതു്. ഈ ചക്രവൎത്തിവംശത്തേയും സാമ്രാജ്യവ്യക്തിയേയും സ്ഥാനഭ്രംശം ചെയ്യിച്ചു് പകരം ഒരു പൊതുജനാധിപത്യഭരണം സ്ഥാപിച്ചു. ഇത്ര കാലം ഈ ഭരണരീതി നിലനിന്നതുകൊണ്ടു് ചൈനയിലെ മണ്ണിന്നു് പററിയ ഒരു രഷ്ടീയച്ചെടിയാണിതെന്നു തീൎച്ചയായി. ഈ ചെടിയെ നശിപ്പിക്കത്തക്ക അനവധി കൊടുങ്കാററുകളെല്ലാം ചൈനയിൽ ഇടക്കിടെയായി ഉണ്ടായെങ്കിലും അവയെയെല്ലാം തട്ടിത്തിരിച്ചു് പൊതുജനാധിപത്യഭരണം നിലനിന്നു. എന്നാൽ നിലനിന്നുവെന്നുമാത്രമല്ലാ ഈ ചെടിക്കുള്ള മാഹാത്മ്യം; അതു് ക്രമേണ വളൎന്നുവന്നു് ഒരു വലിയ ഫലവൃക്ഷവുമായിരിക്കുന്നു. ഒക്ടോബർ 10-ാം തിയ്യതി പൊതുജനാധിപത്യഭരണത്തിന്റെ മുപ്പത്തിരണ്ടാം വാൎഷികയോഗം ചൈന കൊണ്ടാടിയ ഘട്ടത്തിൽ ഈ ഭരണത്തിന്റെ, അതായതു്, ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രസിഡെണ്ടായി ചിയാങ്ങ് കീഷെക്കിനെ തിരഞ്ഞെടുക്കുകയും ചെയ്യിരിക്കുന്നു. ഇതോടുകൂടി ചൈന ലോകരംഗത്തിൽ ഒരു പ്രധാന റിപ്പബ്ലിക്കൻ കോയ്മയായി പ്രവേശിച്ചു. മൂന്നു പന്തീരാണ്ടോളം ഊൎദ്ധ്വഗതിയോടുകൂടി നിലനിന്നതായ ഈ റിപ്പബ്ലിക്കിന്നു് ഇനിമേലിൽ വക്രഗതിയാകുമെന്നു് ഒരിക്കലും പറവാൻ തരമില്ല. പോരെങ്കിൽ, രഘുവംശത്തിൽ ദേവദാരുവൃക്ഷത്തെ കാത്തിരുന്ന സിംഹത്തെപ്പോലെയാണു് ജനറലിസിമൊ ചീയാങ്ങ് കി ഷേക്കു് ഈ റിപ്പബ്ലിക്കൻ വൃക്ഷത്തെ കാത്തുകൊണ്ടിരിക്കുന്നതു്. അനവധി മഹാന്മാരായ സന്താനങ്ങൾക്കു് മുല കൊടുത്തു വളൎത്തിയതായ ആ ചൈനാമാതൃഭൂമി എത്രയും പുത്രവാത്സല്യത്തോടുകൂടി നട്ടിട്ടുള്ള ഒരു ചെടിയാണു് റിപ്പബ്ലിക്കൻ ചൈന. അതിന്റെ കാവലിന്നാക്കിയ സിംഹമാണു് ചിയാങ്ങ്. കേട്ടിട്ടില്ലേ രഘുവംശത്തിൽ:

അമും പുരഃ പശ്യസി ദേവദാരും

. . . . . . . .

. . . . . . . .

. . . . . . . .

ഏതു് വില്ലാളിവീരനും ഈ റിപ്പബ്ലിക്കിനെ തകരാറാക്കുവാനുള്ള ശക്തിയില്ല. ആരുടെ ശക്തിയേയും ജയിക്കത്തക്കതായ ഒരു മഹൽശക്തി ഈ മൃഗരാജനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്നു. ഏതൊരു ദിലീപന്റെ ആവനാഴിയിലും ഈ സിംഹത്തെ ജയിപ്പാനുള്ള തൂണീരം ഉണ്ടാകുന്നതല്ല. ഉണ്ടെങ്കിൽ അതു് പുറത്തെടുപ്പാനുള്ള ശക്തിയും അവന്നുണ്ടാകയില്ല. കണ്ടില്ലേ ജാപ്പാൻ ചെന്നു് ചൈനയിൽ കെട്ടിമറിയുന്നതു്? ഒന്നും പറയിക്കാതെ ഇങ്ങോട്ടു വിട്ടുപോന്നാൽ മതിയെന്നേ ജപ്പാനിപ്പോൾ വിചാരമുള്ളൂ. സിംഹത്തിന്റെ മുമ്പിൽ ദിലീപൻ സാഷ്ടാംഗം നമസ്കരിച്ചപോലെ ചിയാങ്ങിന്റെ മുമ്പിൽ ജാപ്പാൻ നമസ്കരിക്കേണ്ടിവരും. ഇത്ര വിഷമഘട്ടത്തിലാണു് ഇന്നു് ചൈനയിൽ ജാപ്പാന്റെ സ്ഥിതി. ചൈന ഇത്ര വലുതായ ഒരു ശക്തിയായിത്തീരുവാൻ ചിയാങ്ങ് എന്താണു് അവിടെ ചെയ്യുതു്? ചൈനയിലെ ജനത എന്താണു ചെയ്യുതു്? കാലദേശാവസ്ഥകളറിഞ്ഞു് ചൈന കോപ്പുകൂട്ടി. ലോകശക്തിയുടെ പ്രവാഹത്തിന്റെ ഗതിക്കനുസരിച്ചു് തന്റെ ജീവിതവും ചിട്ടപ്പെടുത്തി; തനിക്കൊരാത്മാവുണ്ടെന്നും അതിന്നൊരു തേജസ്സുണ്ടെന്നും അനുഭവപ്പെടുത്തി. ഇതാലോചിച്ചാൽ നാം എത്ര യുഗം അവരുടെ പിന്നിലാണു്! രാഷ്ട്രീയജീവിതമെന്നാൽ നമുക്കിവിടെ ഗവൎമ്മേണ്ടിനെ ശകാരിച്ചു്, തരമുള്ളപ്പോൾ നല്ലൊരു ഗവൎമ്മേണ്ടുദ്യോഗം വാങ്ങി ഗവൎമ്മേണ്ടു ചെയ്വാൻ മടിക്കുന്നതുകൂടി ചെയ്വാനൊരുങ്ങുകയല്ലേ? യഥാൎത്ഥ രാഷ്ട്രീയജീവിതം മററു രാജ്യങ്ങളിൽ കാണുമ്പോൾ നമ്മുടെ രാഷ്ട്രീയജീവിതവും നേതൃത്വവുമെല്ലാം എത്ര തുച്ഛമായിക്കാണുന്നുവെന്നറിയാമോ?

## ഇററലി

ഇററലിയിൽ ഐക്യകക്ഷി സൈന്യങ്ങൾ പുരോഗതിയെ പ്രാപിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇററലിയുടെ തലസ്ഥാനനഗരിയായ റോമിലേക്കാണു് അവരുടെ ഗതി. ഐക്യകക്ഷിയുടെ രണ്ടു സൈന്യങ്ങൾ രണ്ടു ദിക്കിൽനിന്നാണല്ലോ കയറുന്നതു്. അഞ്ചാം സൈന്യം ഇററലിയുടെ പടിഞ്ഞാറെ സമുദ്രതീരം വഴിയായും, എട്ടാം സൈന്യം കിഴക്കെ സമുദ്രതീരംവഴിയായുമാണു് പുരോഗതി. അഞ്ചാംസൈന്യം അടുത്തവസരത്തിൽ ശത്രുപക്ഷക്കാരുടെ കേന്ദ്രമായ കാപ്പുവാ എന്ന സ്ഥലം പിടിച്ചു് ഇപ്പോൾ

(ശേഷം 4-ാം പേജിൽ)

# പ്രതിവാരചിന്തകൾ

## ശാന്തസമുദ്രരംഗം :

### തെക്കുപടിഞ്ഞാറു

ശാന്തസമുദ്രത്തിന്റെ ഈ പ്രദേശം കുറച്ചു കാലമായി ഒരു ഗൌരവമേറിയ യുദ്ധരംഗമാണെന്നറിയാമെല്ലോ. ഗൌരവം വേറെയൊന്നുമല്ല; ഈ പ്രദേശത്തു് ജാപ്പാൻകാർ അടിയുറപ്പിച്ചുവെങ്കിൽ ആസ്ത്രേലിയക്കു രക്ഷയില്ല. ഒരു ഘട്ടത്തിൽ ശത്രു ഇവിടങ്ങളിൽ അടിയുറപ്പിച്ചുവെന്നു തോന്നിപ്പോയി. ആസ്ത്രേലിയ വല്ലാതെ പരിഭ്രമിച്ചു. അങ്ങിനെയിരിക്കുമ്പോഴാണു് ജൂലായി മാസത്തിൽ ആദ്യമായി ജനറൽ മക്ക് ആർതർ ജപ്പാന്റെ നേരെ ഒരാക്രമണം ആരംഭിച്ചതു്. ഈ ആക്രമണത്തിൽ ശത്രുക്കളെ പല ദ്വീപുകളിൽനിന്നും ആട്ടിയിറക്കി. ഈ മാസമായപ്പോഴേക്കും ആസ്ത്രേലിയക്കുള്ള ഭയം തീരെ കുറഞ്ഞു വെന്നുമാത്രമല്ല. ജാപ്പാന്റെ ഉറപ്പിന്നു അവിടങ്ങളിൽ ഒരാട്ടവും തുടങ്ങി. ഈ ഇളക്കത്തിന്റെ ഒരു ലക്ഷണമാണു് ഈ മാസം 1-ാം തിയ്യതിയും 2-ാംതിയ്യതിയും രാത്രി അനവധി ജാപ്പാൻകാർ സോളമൻ ദ്വീപുകളിലുള്ള കൊളമ്പങ്കര ദ്വീപിൽ നിന്നു് സഹകായ്യത്തിൽ അവരുടെ കപ്പലുകളിൽ കയറി രക്ഷപ്പെടുവാൻ നോക്കിയതു്. അമേരിക്കൻ കടൽസൈന്യം അവരെയൊക്കെ നശിപ്പിച്ചുകളഞ്ഞു.



മി. ചർച്ചിൽ ക്യുബെക്കു് സന്ദർശിച്ചപ്പോൾ

## രണ്ടാം യുദ്ധരംഗം

ഒരു രണ്ടാം യുദ്ധരംഗം ഉടനെ തുടങ്ങേണമെന്നു് പറഞ്ഞു റഷ്യൻ പത്രലോകം വല്ലാതെ ബഹളകൂട്ടുന്നു. യുദ്ധം നീണ്ടുനില്പാനിടവരുന്ന പക്ഷം അനവധി സാമുദായികമായും രാഷ്ട്രീയമായും ഉള്ള കലാപങ്ങൾ പൊട്ടിപ്പുറപ്പെടുവാനിടയുണ്ടെന്നും അതിന്നു മുമ്പു യുദ്ധം അവസാനിപ്പിക്കേണമെന്നുമാണു് ഇവരുടെ ന്യായം. ഐക്യകക്ഷികളാകട്ടെ 1945 ൽ അവസാനിപ്പിക്കേണമെന്നുവെച്ചാണു് അവരുടെ പ്ലാൻ തെയ്യാറാക്കിയിരിക്കുന്നതു്". രണ്ടാം യുദ്ധരംഗം തുടങ്ങിയാലുള്ള അനുഭവം എന്താണു് ? റഷ്യൻ രംഗത്തിൽ എത്തുന്ന ജർമ്മൻ സൈന്യശക്തി കുറെ അങ്ങോട്ടേക്കു വലിക്കുന്നതായിരിക്കും. ഈ അനുഭവം ഇപ്പോൾ തന്നെയുണ്ടല്ലോ. ഐക്യകക്ഷികളുടെ ആക്രമണം ഭയപ്പെട്ടു് അനവധി ജർമ്മൻ സൈന്യങ്ങളെ അനവധി പ്രദേശങ്ങളിൽ ഒരുക്കി നിർത്തിയിരിക്കുന്നതിന്നുപുറമെ ഇററലിയിൽ ജർമ്മൻ സൈന്യം അനവധി വന്നു യുദ്ധം ചെയ്യുന്നു. ഇതൊന്നും പോരെന്നു് പറയുന്നതു കുറെ കഷ്ടം തന്നെയാണു്.

## ഇന്ത്യൻ വിമാന സൈന്യം

ഇന്ത്യൻ വിമാനസൈന്യത്തിലേക്കു ആളുകൾ ചേരുന്നതുപോരാ; ഇനിയും ലക്ഷക്കണക്കായി ചെല്ലണം.

യുദ്ധത്തിന്നു പോയി ചാവാനുപദേശിക്കയാണെന്നു് ആരും തെററിദ്ധരിക്കരുതേ. യുദ്ധവും മററും ഇന്നല്ലെങ്കിൽ നാളെ കഴിയുന്ന സംഭവമല്ലേ. അതു കഴിഞ്ഞാൽ നമുക്കു പിന്നേയും ഉപജീവനം കഴിക്കണ്ടേ? ഇത്ര നല്ലൊരുപ ജീവനമാൎഗ്ഗം യുദ്ധകാലത്തിന്നു ശേഷം ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ഇന്നു മോട്ടോർ വാഹനങ്ങൾ സുലഭമായി ഗതാഗതം ചെയ്യുന്ന പോലെ യുദ്ധാനന്തരം ഇന്ത്യയിലെന്നല്ല ലോകത്തിൽ മററു സ്ഥലങ്ങളിലും പൊതുജനസൌകൎയ്യത്തിന്നു വേണ്ടിയുള്ള ഒരു ഗതാഗത മാൎഗ്ഗം വിമാനമാകുന്നതാണു്. ഇന്നത്തെ ഒരു റെയിൽവെ കമ്പനിയിൽ അഞ്ചു ലക്ഷം ആളുകൾ ജോലിക്കാരായി കാണുന്നുണ്ടെങ്കിൽ യുദ്ധാനന്തരമുണ്ടാകുന്ന വിമാന വാഹനക്കമ്പനികളിൽ അയ്മ്പതു് ലക്ഷം ആളുകൾക്കു ജോലിയുണ്ടായിരിക്കും. എന്നാൽ ഈ ജോലിക്കാരെല്ലാം പ്രവൎത്തി പരിചയമുള്ളവരായിരിക്കണം. ഈ പരിചയം സിദ്ധിപ്പാൻ ഇപ്പോളുള്ളപോലെ മറെറാരുകാലത്തും സൌകൎയ്യവുമുണ്ടാകയില്ല.

(2-ാം പേജിൽനിന്നു തുടൎച്ച)

വാംട്ടർണൊ എന്ന ഒരു നദിയുടെ കരക്കെത്തിയിരിക്കുന്നു. ഈനദിയുടെ വടക്കെ കരയിന്മേൽ ജൎമ്മൻസൈന്യം അണിനിരന്നിട്ടുണ്ടു. തെക്കെകരയിലാണു അഞ്ചാം സൈന്യം. അഞ്ചാം സൈന്യം ഈ നദികടക്കുവാൻ ശ്രമിക്കുന്ന ഘട്ടത്തിൽ അതിഗംഭിരമായ ഒരു യുദ്ധം ഉണ്ടാകുമെന്നാണു് പ്രതിക്ഷിക്കേണ്ടതു്. കാരണം, ഈ നദി കടന്നാൽ അഞ്ചാം സൈന്യത്തിന്നു് റോമിലോട്ടുള്ള വഴി വ്യക്തമായി. അഞ്ചാം സൈന്യത്തിൻെറ ഏതൊ ചില ഭാഗം നദി കടന്നു് വടക്കെ കരയിന്മേൽ എത്തിയിരിക്കുന്നുവത്രെ.

ഇററലിയുടെ കിഴക്കെ സമുദ്രതിരത്തുകൂടിവരുന്ന എട്ടാംസൈന്യത്തിൻെറ ഗതിയും തൃപ്തികരമായിട്ടുള്ളതുതന്നെയാണു്. അവിടെ തേർമൊലിയെന്നൊരു സ്ഥലം ഇവർ പിടിച്ചു. അല്പം മേല്പോട്ടുമാറി അവിടെനിന്നും ആരംഭിക്കുന്നതായ ഒരണി ഉള്ളിലോട്ടു ബനവൻെറാ എന്ന പട്ടണത്തിൻെറ വടക്കുവശത്താണു് അവസാനിപ്പിക്കുന്നതു്. ഈ സ്ഥലത്തു് എട്ടാം സൈന്യം അഞ്ചാം സൈന്യത്തിനോടു യോജിക്കുന്നു. ഈ സൈന്യത്തിൻെറ ഉദ്ദേശം അറുപതു നാഴിക വടക്കുവശമുള്ള പേസ്കാരിയെന്ന നഗരി പിടിക്കുവാനാണു്. ഇതു കൈവശം വരുന്ന പക്ഷം ഇവിടെ നിന്നു് റോമിലേക്കു് ഒന്നാന്തരം ഒരു റോഡുണ്ടു്. ആ റോഡും അവരുടെ കൈവശം വരുന്നതാണു്. ഐക്യകക്ഷികളുടെ അഞ്ചാംസൈന്യവും എട്ടാം സൈന്യവും റോമിൽ എത്തിചേർന്നാലുണ്ടാകുന്ന സംഭവങ്ങളും അപ്രതീക്ഷിതമല്ല. അവിടെവെച്ചു ഒരു ഗംഭീരമായ യുദ്ധം നടക്കുവാനിടയുണ്ടെന്നും, അതിനാൽ പോപ്പിനെ അവിടെ താമസിപ്പാൻ സമ്മതിക്കുന്നതു് അദ്ദേഹത്തിൻെറ രക്ഷക്കു് പററിയതല്ലെന്നും, അദ്ദേഹത്തെ വടക്കോട്ടു വല്ല സ്ഥലത്തേക്കും മാറേറണമെന്നുമാണു് ജൎമ്മൻകാർ ഉദ്ദേശിക്കുന്നതായി അറിയുന്നതു്. തന്നെ തൻെറ വസതിയിൽ നിന്നു് മറെറാരേടത്തേക്കു് മാററംചെയ്യുന്നതു് ഒരു തടവുകാരൻെറ നിലക്കല്ലാതെ സാദ്ധ്യമല്ലെന്നാണു് പോപ്പിൻെറ ശാഠ്യവും. ഏതായാലും റോമിൽവെച്ചു് തെരുതെരുവായി യുദ്ധം നടത്തുവാനുള്ള ഉദ്ദേശം ജൎമ്മൻകാൎക്കുണ്ടത്രെ.

ഇററലിയിലെ ഒരു ഭരണകൎത്താവായി ബഡോഗ്ലിയൊ ഭരണത്തെ അംഗീകരിക്കാതെ നിവൃത്തിയില്ലെന്നാണു് ഇന്നത്തെ ഐക്യകക്ഷി സൈന്യമതം. ഇററലിയിലെ ഭരണകൎത്താവായി മാത്രമല്ല, ഐക്യകക്ഷികളുടെ കൂടെ ഒരു കൂട്ടുകക്ഷിയായിട്ടുകൂടിയാണു് ഈ അംഗീകരണത്തിൻെറ സ്വഭാവം. ഇന്നത്തെ സൈന്യസ്ഥിതികൊണ്ടു് ഇതു കൂടാതെ കഴികയില്ലെന്നാണു് ന്യായം. എന്നാൽ ഇതിന്നു് പലേ പ്രതിബന്ധങ്ങളും ഉണ്ടു്. ഇററലി അനവധി ആളുകളെ ഉപദ്രവിച്ചു തട്ടിപറിച്ചിട്ടുണ്ടായിരുന്നു. ബാൾക്കൻസ്, യൂഗോസ്ലേവിയാ ഇവക്കെല്ലാം തട്ടിപ്പറിച്ച രാജ്യങ്ങൾ മടങ്ങികിട്ടാതെ കഴികയില്ലെന്നാണു് അവർ ഐക്യകക്ഷികളെ അറിയിച്ചിട്ടുള്ളതു്. ഐക്യകക്ഷികളുടെ കൂട്ടത്തിൽ ഒരാളായി ഇററലിയെ സ്വീകരിക്കുന്നപക്ഷം ഈ രാജ്യങ്ങളെല്ലാം മടങ്ങികിട്ടുവാൻ ഒരുപക്ഷെ സാധിച്ചില്ലെന്നു വന്നേക്കാം. മാത്രമല്ല, ബഡോഗ്ലിയോവിൻെറ ഭരണത്തിൽ യൂഗോസ്ലേവിയ തെയ്യാറാക്കിയ കുററക്കാരുടെ ലിസ്റ്റിൽ പെട്ടിട്ടുള്ള ഒരാൾ ഒരു മന്ത്രിയായിരിക്കയാണു്. യുദ്ധം അവസാനിച്ചുകഴിയുമ്പോൾ ഈയാളെ യഥാൎത്ഥത്തിൽ ഒരു പ്രതിയുടെ നിലക്കു് വിസ്തരിച്ചു് ശിക്ഷിക്കേണ്ടതാകുന്നു. അങ്ങിനെയുള്ളാളുകളുൾപ്പെട്ട ഒരു ഭരണത്തെയെങ്ങിനെയാണു് ഐക്യകക്ഷികൾ തങ്ങളുടെ കക്ഷിയിലെ ഒരംഗമെന്നനിലക്കു് സ്വീകരിക്കുക?

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.